**നം.കെ.എസ്.എ.4478/സ്പെ.സെൽ/സി.എസ്.സി/സി3/16**

കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 16.4.2016
ഫോൺ : 0471-2303640
ഇ-മെയിൽ : director.ksad@kerala.gov.in

**ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**തിരുവനന്തപുരം**

**എല്ലാ സബ് ഓഫീസ് മേധാവികൾക്കും**

**സർ,**

വിഷയം: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - ചാർജ്/സർചാർജ് നടപടികൾക്കായി ശുപാർശകൾ സമർപ്പിക്കുന്നത് - അധിക നിർദ്ദേശം - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: ഈ ഓഫീസിലെ 24.7.2015 ലെ 13/2015-ാം നമ്പർ സർക്കുലർ.

സബ് ഓഫീസുകളിൽ നിന്നും ചാർജ്/സർചാർജ് നടപടികൾക്കായി അയയ്ക്കുന്ന ശുപാർശകൾ കുറ്റമറ്റതും നിയമപരമായി നിലനിൽക്കുന്നതുമാക്കിതീർക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

ചാർജ്/സർചാർജ് ശുപാർശയോടൊപ്പം ഉൾപ്പെടുത്തുന്ന ഓഡിറ്റ് ഖണ്ഡികകളുടെ പകർപ്പിൽ (3 എണ്ണം), ആധികാരികത വ്യക്തമാക്കുന്നതിന് ഓഡിറ്റ് റിപ്പോർട്ട് നമ്പർ, സ്ഥാപനത്തിന്റെ പേര്, വർഷം എന്നിവ കൂടി ഖണ്ഡിക നമ്പർ കൂടാതെ മേലെഴുത്തായി (Superscription) ചേർക്കേണ്ടതാണ്. പ്രസ്തുത പകർപ്പുകൾ ബന്ധപ്പെട്ട ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി ആകണം അയക്കേണ്ടത്.

സൂചന സർക്കുലറിലെ ക്രമ നമ്പർ 6 പ്രകാരം ഓഡിറ്റ് ഖണ്ഡികയുടെ പകർപ്പ് ഉത്തരവാദിയായ ഉദ്യോഗസ്ഥന് അയച്ചു കൊടുത്തിട്ട്, ആയതിന് മറുപടി ലഭ്യമായിട്ടുണ്ടോ ഇല്ലയോ എന്ന വിവരം കൂടി ചാർജ്/സർചാർജ് ശുപാർശയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

കൂടാതെ ഈ ഓഫീസിൽ നിന്നും നിരവധി സർക്കുലറുകൾ, കത്തുകൾ എന്നിവ മുഖേന ആവശ്യപ്പെട്ടിട്ടും ഉത്തരവാദിയായൊരുദ്യോഗസ്ഥൻ ബന്ധപ്പെട്ട സ്ഥാപനത്തിൽ ഓഡിറ്റ് കാലയളവിൽ ഉത്തരവാദിത്തം വഹിച്ചിരുന്നു എന്നു തെളിയിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപന മേലധികാരി സാക്ഷ്യപ്പെടുത്തി നൽകുന്ന രേഖ ചാർജ്/സർചാർജ് ശുപാർശകളോടൊപ്പം

(മറുപുറം)

ഉൾപ്പെടുത്തുന്നില്ല. പ്രസ്തുത രേഖ കൂടി നിർബന്ധമായും ചാർജ്ജ്/സർചാർജ്ജ് ശുപാർശകളോടൊപ്പം അയക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ കത്ത് കൈപ്പറ്റുന്ന തീയതി മുതൽ പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
**ജോയിന്റ് ഡയറക്ടർ**

**അംഗീകാരത്തോടെ**

**ഓഡിറ്റ് ഓഫീസർ**

എം.എസ്. 18/4/16